## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1555 — 03.12.2018 ൽ മറുപടിക്ക്

## കശുവണ്ടി വ്യവസായ മേഖലയുടെ ഉന്നമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.എം. നൗഷാദ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ഡി.കെ. മുരളി | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായ മേഖല യുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണ്; | (എ) യും (ബി) യും | ഇടനിലക്കാരെ ഒഴിവാക്കി വിദേശ രാജ്യങ്ങളിൽ നിന്നും കശുവണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖല സ്ഥാപനങ്ങളായ കശുവണ്ടി കോർപറേഷൻ, കാപെക്സ് എന്നിവയ്ക്കും പ്രൈവറ്റ് ഫാക്ടറികൾക്കും നൽകുന്നതിനായി കേരളാ കാഷ്യൂ ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസ്സാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാനത്തെ പൊതുമേഖലയിൽ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കി കഴിഞ്ഞു. ആറളം ഫാം, പ്ലാന്റേഷൻ കോർപറേഷൻ മുതലായ പൊതുമേഖല സ്ഥപനങ്ങളിൽ നിന്നും സർക്കാർ നിശ്ചയിച്ച വിലയ്ക്ക് തോട്ടണ്ടി കോർപറേഷനും കാപെക്സിനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരളാ കാഷ്യൂ കൾട്ടിവേഷൻ ഏജൻസി ഉത് പ്പാദന ക്ഷമതയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിന് ആവശ്യമായ തോട്ടണ്ടി ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| (സി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്.<br><br>കശുമാവ് കൃഷി വ്യാപിപ്പിയ്ക്കാനും തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുവാനുമായി കേരളാ കാഷ്യു കൾട്ടിവേഷൻ ഏജൻസി താഴെ പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>1. <u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. 7 മീറ്റർ X 7 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 200 തൈകൾ എന്ന അനുപാതത്തിലാണ് തൈകൾ നടുന്നത്.<br>2. <u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.<br><u>മുറ്റത്തൊരു കശുമാവ്</u> - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.<br>3. <u>ഹൈ ഡെൻസിറ്റി പ്ലാൻറിംഗ്</u><br>സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 5 മീറ്റർ X 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാൻറിംഗ് പ്രോജക്ട് നടപ്പിലാക്കി വരുന്നു. കുറഞ്ഞത് ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നവർക്ക് മാത്രമേ സബ്സിഡി ആനുകൂല്യം ലഭിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; | (ഡി) | കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും വനം വകുപ്പിന്റെയും സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. 5000 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യണമെന്ന് വനം വകുപ്പ് പ്രഖ്യാപിച്ചിരുന്നെങ്കിലും ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. |
| (ഇ) | പ്രായമേറിയകശുമാവുകൾ മുറിച്ചുമാറ്റി അത്യുത്പാദന ശേഷിയുള്ള പുതിയവ വച്ചു പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; | (ഇ) | പ്രായമേറിയ കശുമാവുകൾ മുറിച്ചു മാറ്റുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പ്രായമേറിയ കശുമാവുകൾ മുറിച്ചു മാറ്റിയ സ്ഥലങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള പുതിയ കശുമാവിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും ആനുകൂല്യം നൽകുന്നതിനുമുള്ള സ്കീമുകൾ കേരളാ കാഷ്യൂ കൾട്ടിവേഷൻ ഏജൻസി നടപ്പിലാക്കി വരുന്നു. |
| (എഫ്) | ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി ശേഖരിച്ച് ഇവിടെ ത്തന്നെ സംസ്കരിക്കാനുള്ള തീരുമാനത്തിന്റെ ഫലമായി കശുവണ്ടി സംഭരണത്തിൽ ഉണ്ടായ വർദ്ധന വിശദമാക്കുമോ? | (എഫ്) | കശുവണ്ടി വികസന കോർപ്പറേഷന് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും 2018 വർഷം സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു.<br>വിവിധ ഗവൺമെന്റ് ഫാമുകളിൽ നിന്ന് - 29389.7 kgs<br>ആറളം ഫാമിൽ നിന്ന് - 173886.5 kgs<br>പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് NM Agency മുഖാന്തിരം - 215985 kgs<br>പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് NM Agency മുഖാന്തിരം ചീമേനിയിൽ നിന്ന് - 105644.5 kgs<br>ആകെ - 524.905 MT<br>ടെന്റർ മുഖാന്തിരം - 3150.383 MT<br>ആകെ - 3675.288 MT<br>കാപ്പെക്സ് ഇതുവരെയായി ഈ-ടെൻഡർ മുഖാന്തിരവും (1690MT), ആറളം ഫാമിൽ നിന്നും(60 MT) കർഷകരിൽ നിന്നും (160 MT) ആകെ 1910 MT നാടൻ തോട്ടണ്ടി ശേഖരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | 2017 ൽ കാപെക്സും കാഷ്യൂ കോർപ്പറേഷനും കൂടി കേരളത്തിൽ നിന്നും ആകെ 2781.466 MTN തോട്ടണ്ടിയും 2018 ൽ 5585.288 MTN തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ഒരു ചെറിയ ശതമാനം മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കുന്നതെങ്കിലും ആകെ ഉത്പാദനത്തിന്റെ ചെറിയ ശതമാനം മാത്രമേ സർക്കാർ ഉടമസ്ഥതയിലുള്ള കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുള്ളൂ. സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാന്റേഷൻ കോർപറേഷനിൽ നിന്നും ഈ വർഷം സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കാനായി കൃഷി വകുപ്പുമായി സഹകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് സർക്കാർ ഉടമസ്ഥതയിലുള്ള മുഴുവൻ തോട്ടങ്ങളിൽ നിന്നുമുള്ള തോട്ടണ്ടി വിലനിർണ്ണയസമിതി നിശ്ചയിക്കുന്ന വിലയ്ക്ക് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനുകീഴിലുള്ള ആറളം ഫാമിൽ നിന്ന് 2017-ലും 2018- ലും മുഴുവൻ തോട്ടണ്ടിയും സർക്കാർ സ്ഥാപനങ്ങൾക്കുതന്നെ ലഭിച്ചിട്ടുണ്ട്. കശുവണ്ടി സംഭരണം കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ആരംഭിച്ചതോടുകൂടി പൊതുമേഖലയിലെ തോട്ടണ്ടിക്ക് ഏറ്റവും മികച്ച വിലയാണ് ലഭിക്കുന്നത്. കേരളത്തിലെ കശുമാവ് കർഷകർക്ക് തോട്ടണ്ടിക്ക് ഉയർന്ന വില ലഭിക്കുന്നതിന് തോട്ടണ്ടി സംഭരിക്കുന്നതിനുള്ള സർക്കാർ ഇടപെടൽ സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ